75/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com
തീയതി : 07.10.2024

## സർക്കുലർ

**വിഷയം :** വയനാട് ഉരുൾപൊട്ടൽ-സ്നേഹഭവനനിർമ്മാണ-പുനരധിവാസ-സമാശ്വസപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് “കൈകോർക്കാം... വയനാടിനായി....” - സംബന്ധിച്ച്

**സൂചന :** 1) 14/08/2024 ലെ സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ A3/643/2024/NSS നമ്പർ കത്ത്.
2) 30/07/2024 ലെ ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 75/DGE/HSE/NSS/2024 നമ്പർ സർക്കുലർ
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/09/2024 ലെ 75/DGE/HSE/NSS/2024 നമ്പർ ഉത്തരവ്

വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടകൈ ഭാഗങ്ങളിലുണ്ടായ അതിശക്തമായ മഴയും തുടർന്നുണ്ടായ മണ്ണിടിച്ചിലും കേരളം കണ്ട അതിഭീകരമായ പ്രകൃതി ദുരന്തങ്ങളിലൊന്നാണ്.

ബഹു. പൊതുവിദ്യാഭ്യാസവകുപ്പ്, ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ വിളിച്ചുച്ചേർത്ത വിവിധ യോഗങ്ങളിൽ ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്., ഭവന നിർമ്മാണ, പുനരധിവാസ, സമാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ധാരണയായിട്ടുണ്ട്.

പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ 25 ലധികം ഭവനങ്ങളാണ് നിർമ്മിച്ചുനൽകാൻ ലക്ഷ്യമിടുന്നത്. ഭവനനിർമ്മാണത്തിന്റെ വിഭവ സമാഹരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഓരോ എൻ.എസ്.എസ്. യൂണിറ്റിലും വയനാട് പുനരധിവാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ പ്രോഗ്രാം ഓഫീസർ, വോളന്റിയർ ലീഡർമാർ, സ്റ്റാഫ്, പി.ടി.എ. പ്രതിനിധികൾ, ഉപദേശകസമിതി പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെട്ട സമിതി രൂപീകരിച്ച് ടി സമിതിയുടെ മേൽനോട്ടത്തിൽ വിഭവസമാഹരണം നടത്താൻ ശ്രദ്ധിക്കണം.

2. വിഭവസമാഹരണ പ്രവർത്തനത്തിൽ സമ്പൂർണ്ണമായ സുതാര്യതയും രേഖപ്പെടുത്തലും ഉണ്ടാകേണ്ടതാണ്.

3. ഇതിനുവേണ്ടി യൂണിറ്റുകൾ നേരിട്ട് തുകകൾ സ്വീകരിക്കുവാൻ പാടുള്ളതല്ല. എന്നാൽ വിഭവസമാഹരണത്തിന്റെ ഭാഗമായി ലഭിക്കുന്ന തുകകൾ അതാത് എൻ.എസ്.എസ്. യൂണിറ്റുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള (4335552590-2 SBI സിറ്റി ബ്രാഞ്ച്, IFSC- SBIN0070028, എം.ജി. റോഡ്, സ്റ്റാച്യു) അക്കൗണ്ടിലേക്ക് നേരിട്ട് അടക്കേണ്ടതാണ്.

4. ഓരോ യൂണിറ്റും തങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള വിഭവസമാഹരണം ലക്ഷ്യമിടാവുന്നതാണ്.

5. വോളന്റിയർമാരുടെ പഠന സമയത്തെ ഒരു തരത്തിലും ബാധിക്കാതെ വിവിധ ചലഞ്ചുകൾ, ഫുഡ് ഫെസ്റ്റിവലുകൾ തുടങ്ങിയവ സംഘടിപ്പിച്ച് വിഭവസമാഹരണം നടത്താവുന്നതാണ്.

6. വോളന്റിയർമാർ തയ്യാറാക്കിയ കലാസൃഷ്ടികളുടെ പ്രദർശനവിപണനമേളകൾ സംഘടിപ്പിക്കാവുന്നതാണ്.

7. റീജിയണൽ, ജില്ലാ ക്ലസ്റ്റർ കൺവീനർമാർ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് വിഭവസമാഹരണത്തിന്റെ പുരോഗതി അതാതുതലങ്ങളിൽ വിലയിരുത്തേണ്ടതാണ്.

8. വിഭവ സമാഹരണത്തിനായി സ്പോൺസർമാരെയോ പൊതുജനങ്ങളെയോ സമീപിക്കുമ്പോൾ യൂണിറ്റ് ചുമതലയുള്ള പ്രോഗ്രാം ഓഫീസറുടെയോ പ്രിൻസിപ്പലിന്റെയോ ടി പ്രവർത്തനത്തിനായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരുടെയോ സാന്നിദ്ധ്യം ഉണ്ട് എന്ന് കർശനമായും ഉറപ്പാക്കേണ്ടതാണ്.

9. "കൈകോർക്കാം... വയനാടിനായി...." പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റഗുലർ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു യൂണിറ്റ് ശരാശരി 25,000/- രൂപാ ലക്ഷ്യംവെച്ച് പ്രവർത്തിക്കാവുന്നതാണ്.

10. ഒക്ടോബർ 11-ാം തീയതി മുതൽ എല്ലാ യൂണിറ്റുകളിലും "കൈകോർക്കാം... വയനാടിനായി" എന്ന ക്യാമ്പയിന് തുടക്കം കുറിക്കേണ്ടതാണ്.

11. ഉരുൾപൊട്ടലിൽ വീടുകൾ നഷ്ടപ്പെട്ട പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ പുനരധിവാസത്തിനായി ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന തുകകൾ ഉപയോഗപ്പെടുത്തുന്നതാണ്.

12. യൂണിറ്റ് തലത്തിൽ നിന്നും മേൽ അകൗണ്ടിൽ നിക്ഷേപിക്കുന്ന തുകകളുടെ വിവരം (ബാങ്ക് റസീറ്റ്/ഈ-ട്രാൻസ്ഫർ പകർപ്പ് സഹിതം) ക്ലസ്റ്റർ, ജില്ലാ കൺവീനർമാർക്ക് കർശനമായി കൈമാറേണ്ടതാണ്. ടി റസീറ്റുകളും ലിസ്റ്റുകളും ജില്ലാ, ക്ലസ്റ്റർ കൺവീനർമാർ അതതു തലങ്ങളിൽ ക്രോഡീകരിച്ച് എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കേണ്ടതാണ്.

DIRECTORATE OF GENERAL EDUCATION
Jagathy, Thiruvananthapuram-14

പൊതുവിദ്യാഭ്യാസ ഡയറക്ടർ